## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4379 22/07/2015-ലെ മറുപടിക്ക്

### <u>എച്ച്.എസ്.എസ്.റ്റി. (ഹിന്ദി) തസ്തികയിലെ ഒഴിവുകൾ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
| (എ) | എച്ച്.എസ്.എസ്.റ്റി. (ഹിന്ദി ) തസ്തികയുടെ അഡ്വൈസ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;ഇപ്പോൾ ഈ തസ്തികയിൽ (ജൂനിയർ, സീനിയർ) എത്ര ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ; | എച്ച്.എസ്.എസ്.റ്റി. (ഹിന്ദി ) ജൂനിയർ, തസ്തികയിൽ 124 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹിന്ദി സീനിയർ തസ്തികയിലെ ഒഴിവുകളൊന്നും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം |
| (ബി) | പ്രസ്തുത ഒഴിവുകളിലേയ്ക്ക് എന്നത്തേക്ക് അഡ്വൈസ് അയയ്ക്കാനാകുമെന്ന് അറിയിക്കാമോ ; | (എ) & (ബി) യോഗ്യരായ ജൂനിയർ അദ്ധ്യാപകർ നിലവിലുള്ളതിനാൽ സീനിയർ തസ്തികയിലെ നിലവിലുള്ള ഒഴിവുകളെല്ലാം തസ്തികമാറ്റം വഴി നികത്തുന്നതിനായി മാറ്റി വച്ചിരിക്കുകയാണ്. യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ മാത്രമേ ടി തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി വഴി നികത്താറുള്ളൂ. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റ് പുന:ക്രമീകരിക്കുവാൻ പി.എസ്.സി. ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ ? | (സി) അത്തരമൊരു തീരുമാനം കമ്മീഷൻ ഇതുവരെ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ